No. CEE/1155/2021/B.Des-2021/TA2

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## ബാച്ച്ലർ ഓഫ് ഡിസൈൻ(ബി.ഡിസ്) കോഴ്സിലേക്കുള്ള പ്രവേശനം 2021 ഓൺലൈൻ ഓപ്ഷനുകൾ ക്ഷണിച്ചു

2021-22 വർഷത്തെ ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡിസ്) കോഴ്സിലേയ്ക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു.

2021–ലെ ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡിസ്) കോഴ്സിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷിക്കുകയും 08.10.2021 ലെ വിജ്ഞാപനപ്രകാരം മാർക്ക് ലിസ്റ്റ് (പ്ലസ്ടു/തത്തുല്യം) ഓൺലൈനായി സമർപ്പിച്ച വിദ്യാർത്ഥികൾക്ക് **2021 ഒക്ടോബർ 16 മുതൽ ഒക്ടോബർ 20 വൈകുന്നേരം 4 മണി** വരെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.

**www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'B.Des 2021 - Candidate Portal'** എന്ന ലിങ്ക് ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ നമ്പർ, പാസ്സ്‌വേഡ് എന്നിവ രേഖപ്പെടുത്തി ഹോം പേജിൽ പ്രവേശിച്ച ശേഷം ഹോം പേജിൽ ലഭ്യമായ **'Option Registration'** എന്ന മെനുവിൽ ക്ലിക്ക് ചെയ്ത് ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. തപാൽ, ഫാക്സ് എന്നിവ മുഖേനയോ നേരിട്ടോ സമർപ്പിക്കുന്ന ഓപ്ഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

**അലോട്ടുമെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| **16.10.2021** | ഓപ്ഷൻ രജിസ്ട്രേഷന് വെബ്സൈറ്റ് സജ്ജമാകുന്നു |
| **20.10.2021, 4.00 pm** | ഓപ്ഷൻ രജിസ്ട്രേഷൻ സൗകര്യം അവസാനിക്കുന്നു |
| **21.10.2021** | **ഒന്നാംഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| **22.10.2021 to 25.10.2021, 4.00 pm** | വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടണം |
| **25.10.2021,വൈകുന്നേരം 5.00 ന്** | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ കോളേജ് പോർട്ടലിൽ ലഭ്യമാക്കിയിട്ടുള്ള ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) മുഖേന അംഗീകരിച്ച് നൽകണം. |

തുടർന്നു വരുന്ന അലോട്ട്മെന്റുകളുടെ സമയക്രമം പിന്നീട് വിജ്ഞാപനം ചെയ്യുന്നതാണ്.

**Details of Colleges**

| Sl No | Name of College | College Type | Annual tuition fees |
|---|---|---|---|
| 1 | Kerala State Institute of Design, Chandanathoppe. P.O, Kollam | Govt. Controlled Self Financing | 1,50,000/- |
| 2 | College of ArchitectureTrivandrum Mulayara P O, Trivandrum | Private Self financing | 80,000/- |

നിലനിൽക്കുന്ന നിയമങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി സംവരണ തത്വങ്ങൾ പാലിച്ചുക്കൊണ്ടായിരിക്കും ബന്ധപ്പെട്ട കോളേജുകളിൽ അലോട്ട്മെന്റ് നൽകുന്നത്. ഈ കോളേജുകളിലേക്കുള്ള അലോട്ട്മെന്റ്, ഫീസ് എന്നിവ സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും. നിർദ്ദിഷ്ട സമയം കോളേജുകളിൽ അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. തുടർന്നുള്ള അലോട്ട്മെന്റുകളിൽ അവരെ പരിഗണിക്കുന്നതുമല്ല. അഡ്മിഷൻ നേടാൻ താത്പര്യമില്ലാത്ത കോളേജുകളിലേക്ക്/കോഴ്സുകളിലേയ്ക്ക് അനാവശ്യമായി ഓപ്ഷനുകൾ നൽകാൻ പാടില്ല.

ഹെൽപ്പ് ലൈൻ നമ്പർ: **0471 2525300**

തിരുവനന്തപുരം
16.10.2021

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**